വ്യവസായവും സാമൂഹ്യ ക്ഷേമവും . വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് സെൻറർ സ്ഥാപിക്കുന്നത് എവിടെയാണ്;

(ബി) ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നത്;

(സി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽനിന്ന് എന്തു ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും . സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേന്ദ്ര സർക്കാരിൻെറ ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് സ്കീം അനുസരിച്ച് സ്ഥാപിക്കുന്ന കിൻഫ്ര ടെക്സ്റ്റൈൽ സെൻറർ കണ്ണൂരിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ, കൂവശ്ശേരി വില്ലേജുകളിലുള്ള നാടുകാണി എന്ന സ്ഥലത്താണ്.

(ബി) ഇവിടെ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ ടെക്സ്റ്റൈൽ മേഖലക്ക് പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. പ്രത്യേകിച്ചും ഒരു ദിവസം 1500 ടൺ നൂലും 70,000 മീറ്റർ തുണിയും പ്രോസസ്സ് ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. കൂടാതെ ചെറുകിട ടെക്സ്റ്റൈൽ വ്യവസായങ്ങളെ ഉദ്ദേശിച്ച് ഒരു ദിവസം മൂന്നു ടൺ നൂൽ പ്രോസസ്സ് ചെയ്യുന്നതിനുള്ള മെഷിനറി അടക്കമുള്ള സൗകര്യങ്ങളും തയ്യാറാക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ചിലവാക്കുന്ന തുകയുടെ 75% വരെ പരമാവധി 20 കോടിരൂപ, കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിൽ നിന്നും ധനസഹായമായി ലഭിക്കുന്നതാണ്.

റോഡ് സുരക്ഷാ ഫണ്ട്

*18 [330] ശ്രീ. പി. എസ്. സുപാൽ:
,, എൻ. രാജൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്കും മരണമടയുന്നവർക്കു വേണ്ടിയും റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്;

(സി) ഇതിനകം ഈ ഫണ്ടിൽ നിന്നും എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി) റോഡ് സുരക്ഷ ഉറപ്പു വരുത്തുന്നതിനും റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിര സഹായം എത്തിക്കുന്നതിനും ഒരു റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) റോഡ് സുരക്ഷാ ഫണ്ട് രൂപീകൃതമായിട്ടില്ല.

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ നൽകുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സെമിനാറുകൾ സംഘടിപ്പിക്കുക, കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ട്രാഫിക് ലൈറ്റ് സംവിധാനം ഏർപ്പെടുത്തുക, റോഡ് സുരക്ഷാ പ്രദർശന പരിശീലന വാഹനം ഏർപ്പെടുത്തുക; ടി. വി., പത്ര മാധ്യമങ്ങളിൽകൂടി പരസ്യങ്ങൾ നൽകുക, വാഹന പരിശോധന ഊർജ്ജിതപ്പെടുത്തുക തുടങ്ങിയവയും അപകട സാധ്യത കൂടുതലുള്ള ഭാഗങ്ങൾ കണ്ടുപിടിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം

*19 [331] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ ഇ. എസ്. ഐ. ആശുപത്രി ഇല്ലാത്തതും തൊഴിൽ ശാലകളുള്ളതുമായ പ്രദേശങ്ങളിൽ ഇ. എസ്. ഐ. ആശുപത്രികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ഇ. എസ്. ഐ. ഡിസ്പെൻസറികളെ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള ആശുപത്രികളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപയോഗശൂന്യമായ ഉപകരണങ്ങൾ കണ്ടെത്തി പകരം പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും മരുന്നുകൾ ആവശ്യാനുസരണം യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) തൊഴിൽ ശാലകൾ ഉള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ തൊഴിലാളികൾ ഉണ്ടെങ്കിൽ അവിടെ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly